കൊടുങ്ങല്ലൂരിലെ ഉൾനാടൻ റൂട്ടുകളിൽ മിനി ബസ് സർവ്വീസ് അനുവദിക്കാൻ നടപടി

68 [3582] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ ഉൾനാടൻ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. മിനി ബസ് സർവ്വീസ് കൂടുതലായി അനുവദിക്കുന്നകാര്യം പരിഗണിക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യം പരിഗണിച്ച് കൂടുതൽ മിനി ബസ്സുകൾ കൊടുങ്ങല്ലൂർ ഓപ്പറേറ്റിംഗ് സെന്ററിന് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മിനി ബസ്സുകളുടെ ലഭ്യതക്കുറവുമൂലം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) ബസ്സുകളുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ ബേപ്പൂരിലെ ബസ് സർവ്വീസുകൾ

69 [3583] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റൂട്ടുകളിൽ കെ.എസ്. ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു എന്നു വ്യക്തമാക്കാമോ;

(ബി) ഈ സർവ്വീസുകൾ നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ ഏതെല്ലാം റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) ഈ ആവശ്യം പരിഗണിച്ച് ബസ് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബേപ്പൂർ-കുറുമംഗലം, കടലുണ്ടി-സിറിൽ സ്റ്റേഷൻ എന്നീ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു.

(ബി) ഈ റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകളുടെ ആധിക്യംമൂലം കെ.എസ്.ആർ. ടി.സി. സർവ്വീസുകളുടെ വരുമാനം കുറഞ്ഞതിനാൽ നിർത്തേണ്ടതായിവന്നു.

(സി) 1. പാലാഴി, 2. പൊങ്കുന്നു-പന്തീരാങ്കാവ്.

(ഡി) തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly